(സി&ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

വിൽപ്പന നികുതിയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക

189(1445) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിൽപ്പന നികുതിയിനത്തിൽ 2011 ജനുവരി 31 വരെ കുടിശ്ശികയായി പിരിഞ്ഞുകിട്ടാനുള്ള തുക എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

വിവരം ശേഖരിച്ചു നൽകുന്നതാണ്.

ആര്യങ്കാവ് ചെക്ക് പോസ്റ്റിലുള്ള വെയ്ബ്രിഡ്ജിന്റെ പ്രവർത്തനക്ഷമത

189(1446) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനാപുരം നിയോജകമണ്ഡലത്തിലെ ആര്യങ്കാവ് ചെക്ക് പോസ്റ്റിലുള്ള വെയ്ബ്രിഡ്ജ് പ്രവർത്തനരഹിതമാണെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ എത്രകാലമായി പ്രസ്തുത വെയ്ബ്രിഡ്ജ് പ്രവർത്തന രഹിതമായിയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുമൂലം തൂക്കത്തിന് ആനുപാതികമായി നികുതി കണക്കാക്കേണ്ടിവരുന്ന കേസ്സുകളിൽ ഖജനാവിനുണ്ടായ നഷ്ടം നികത്തുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) അമിതഭാരം കയറ്റിവരുന്ന വാഹനങ്ങളെ തടയുന്നതിനും, അവയ്ക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ഈ കാലയളവിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ചെക്ക് പോസ്റ്റുകളിൽ നിന്നുള്ള വിൽപ്പന നികുതി

190(1447) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിൽപ്പന നികുതി ചെക്ക് പോസ്റ്റുകളുടെ എണ്ണം എത്ര; പ്രസ്തുത ചെക്ക് പോസ്റ്റുകളിൽ നിന്ന് 2010 ഡിസംബർ 31 വരെ പിരിഞ്ഞുകിട്ടിയ തുക എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) ചെക്ക് പോസ്റ്റിൽ ആവശ്യത്തിന് സ്റ്റാഫില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 75 പ്രസ്തുത ചെക്ക് പോസ്റ്റുകളിൽ നിന്ന് 2009-10 സാമ്പത്തിക വർഷം 276.62 കോടി രൂപ പിരിഞ്ഞുകിട്ടി.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വാണിജ്യനികുതി ഇൻസ്പെക്ടർമാരുടെ മതിയായ തസ്തികകൾ ഇപ്പോൾ ഉണ്ട്. പ്യൂൺമാരുടെ കുറവ് പരിഗണിച്ച് തസ്തിക സൃഷ്ടിക്കുന്നതിനുള്ള വാണിജ്യനികുതി കമ്മീഷണറുടെ ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു.

പ്രാദേശിക നികുതിനിരക്ക് കുറയ്ക്കണമെന്ന നിർദ്ദേശം

191(1448) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. കെ. രാജു :
ശ്രീമതി ഇ. എസ്. ബിജി മോൾ :
ശ്രീ. രാജാജി മാത്യു തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിലക്കയറ്റം നിയന്ത്രിക്കുവാൻ സംസ്ഥാനങ്ങൾ പ്രാദേശിക നികുതിനിരക്ക് കുറയ്ക്കണമെന്ന് കേന്ദ്രനിർദ്ദേശമുണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിനാനുപാതികമായി നികുതിയിളവ് കേന്ദ്രസർക്കാർ നൽകാൻ സാദ്ധ്യതയുണ്ടോ;

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പെട്രോളിയം ഉല്പന്നങ്ങൾക്ക് നികുതിനിരക്ക് കുറയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര വീതം; ഇതനുസരിച്ച് പെട്രോളിയം ഉല്പന്നങ്ങൾക്ക് എന്തുമാത്രം വിലക്കുറവ് ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേന്ദ്ര നിർദ്ദേശമുണ്ടായിട്ടില്ല.

(ബി) പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് നികുതി നിരക്ക് കുറയ്ക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

പെട്രോളിന്റെ അധികനികുതി ഉപേക്ഷിക്കാൻ നടപടി

192(1449) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു ലിറ്റർ പെട്രോളിന് നികുതിയും സെസ്സുമായി കേരള സർക്കാർ ചുമത്തുന്ന നികുതി എത്രയാണ് ;

(ബി) ഈ സാമ്പത്തികവർഷം പെട്രോളിന്റെ വിലവർദ്ധനമൂലം സർക്കാരിന് ഒരു ലിറ്റർ പെട്രോളിന് എത്ര അധികനികുതി ലഭിക്കുന്നു ;

(സി) ഈ അധികനികുതി ഉപേക്ഷിച്ച് വിലക്കയറ്റംകൊണ്ട് നട്ടംതിരിയുന്ന ജനങ്ങൾക്ക് ആശ്വാസം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly